FRIDAY 28.07.2023 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA



Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-28/07/2023.

1. ചിങ്ങം ഒന്ന് കർഷകദിനമായി ആചരിച്ചു വരുന്നു. ഈ വർഷത്തെ കർഷക ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ആഗസ്റ്റ് 17 ന് (17.08.2023) വൈകിട്ട് 4:00 മണിക്ക് തിരുവനന്തപുരം കനകക്കുന്ന് നിശാഗന്ധി ആഡിറ്റോറിയത്തിൽ വച്ച് നിർവഹിക്കുന്നു.

2. ഇന്റർനാഷണൽ അഗ്രിക്കൾച്ചർ ആന്റ് ഹോർട്ടി എക്സ്പോയിൽ കേരളത്തിന് അംഗീകാരം. 2023 ജൂലൈ 21, 22, 23 തീയതികളിൽ ന്യൂഡൽഹി പ്രഗതി മൈതാനത്തിൽ എൻ.എൻ.എസ്. മീഡിയ ഗ്രൂപ്പ് സംഘടിപ്പിച്ച ഇന്റർനാഷണൽ അഗ്രിക്കൾച്ചർ ആന്റ് ഹോർട്ടി ഏക്പോയിൽ കേരള സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷന്റെ സ്റ്റാൾ സന്ദർശകരുടെ ശ്രദ്ധാ കേന്ദ്രമായി. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തിരം ഈ എക്സ്പോയിൽ കേരളത്തിൽ നിന്നും 11 കർഷകർക്ക് പങ്കെടുക്കുന്നതിനുള്ള അവരുടെ മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ പ്രദർശനവും വിപണനവും നടത്തുവാൻ അവസരം ലഭ്യമായി.

3. കൃഷി വകുപ്പിന്റെ നാളികേര വികസന കൗൺസിൽ പദ്ധതിയുമായി ബന്ധപ്പെട്ട് അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് കൃഷിഭവനിൽ എത്തിയിട്ടുണ്ട്. ആവശ്യമുള്ളവർക്ക് കൃഷിഭവനിൽ നേരിട്ടെത്തിയോ ഗ്രൂപ്പ് മുഖേനയോ ബുക്ക് ചെയ്യാവുന്നതാണ്. 100 രൂപ വിലയുള്ള അത്യുൽപ്പാദന ശേഷിയുള്ള സാധാരണ ഇനത്തിനു WCT 50 രൂപയും, 250 രൂപ വിലയുള്ള ഹൈബ്രിഡ് (ടി x ഡി) ഇനത്തിന് 125 രൂപയും അടക്കേണ്ടതാണ്. തൈകൾ വാങ്ങാൻ വരുമ്പോൾ കരം അടച്ച രസീത് കൊണ്ടുവരേണ്ടതാണ്.

4. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കരമനയിലുള്ള ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം റിസർച്ച് സ്റ്റേഷനിൽ ''ഉമ'' ഇനം നെൽവിത്ത് കിലോയ്ക്ക് 42 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9446104347, 9847022929, 0471- 2343586

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) 'മണ്ണ് സംരക്ഷണവും പരിപാലനവും' (Soil Health Management) എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം.

താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്റ്റ്രേഷൻ ഫോറം പൂരിപ്പിച്ചു submit ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി : 2023 ഓഗസ്റ്റ് 8. കോഴ്സുകൾ 2023 ഓഗസ്റ്റ് 9ന് തുടങ്ങുന്നതാണ്. കൂടുതൽ വിവരങ്ങൾ celkau@gmail.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. വിശദവിവരങ്ങൾക്ക് 0487-2438567, 0487-2438565, 8547837256, 9497353389 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**പരിശീലന പരിപാടി**

6. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **ആട് വളർത്തൽ** എന്ന വിഷയത്തിൽ ആഗസ്റ്റ് മാസം 2 ന് (02/08/2023) രാവിലെ 10.00 മുതൽ 5.00 മണി പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491- 2815454 നമ്പറിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചേയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിൻറെ കോപ്പി കൊണ്ടുവരേണ്ടതാണ്. കേന്ദ്ര- കേരള സർക്കാരുകളുടെ വിവിധ ആടുവളർത്തൽ പദ്ധതികളിൽ അംഗമാകാൻ ആഗ്രഹിക്കുന്ന കർഷകർക്ക് ഈ പരിശീലനത്തിൽ പങ്കെടുത്ത് വൈദഗ്ദ്ധ്യവും നേടാവുന്നതാണ്.

7. തിരുവനന്തപുരം പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2023 ആഗസ്റ്റ് 02 മുതൽ 14 വരെയുളള 10 പ്രവൃത്തി ദിവസങ്ങളിൽ സ്വയം തൊഴിൽ സംരംഭകർക്കും വീട്ടമ്മമാർക്കുമായി ക്ഷീരോൽപ്പന്ന നിർമ്മാണ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. താല്പര്യമുള്ളവർ ആഗസ്റ്റ് 01 ന് വൈകിട്ട് 5 മണിക്ക് മുൻപായി ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 135 രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കായിരിക്കും അവസരം ലഭിക്കുക. കൂടുതൽ വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി ഒ., തിരുവനന്തപുരം 695004 എന്ന മേൽവിലാസത്തിലോ, 0471 2440911 എന്ന ഫോൺ നമ്പറിലോ principaldtctvm@gmail.com എന്ന ഇ -മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

8. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഇന്ന് (28.07.2023) ജൈവകൃഷി എന്ന വിഷയത്തിൽ ഒരു പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 6282937809, 0466 2912008, 0466 2212279 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**കാർഷിക നിർദ്ദേശം – കുരുമുളക്**

കുരുമുളകിൽ തിരിയിടുന്ന സമയത്ത് കണ്ടു വരുന്ന പൊള്ളു രോഗത്തെ നിയന്ത്രിക്കുന്നതിനായി തിരിയിടുമ്പോഴും മണി പിടിക്കുമ്പോഴും ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ച് കൊടുക്കുക. കുരുമുളകിലെ പ്രധാന കീടമായ പൊള്ളു വണ്ട് മൂപ്പെത്താത്ത മണികളുടെ ഉൾക്കാമ്പ് തിന്ന് നശിപ്പിക്കുന്നു. ഇവയുടെ ആക്രമണത്തെ പ്രതിരോധിക്കുന്നതിനായി രാസകീടനാശിനിയായി ഇക്കാലക്സ് 2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തിരിയിടുമ്പോഴും, മണിപിടിക്കുമ്പോഴും, ആവശ്യമെങ്കിൽ തളിക്കാവുന്നതാണ്. പാകമാകുമ്പോഴും പൊള്ളുവണ്ടിന്റെ ആക്രമണം ശ്രദ്ധയിൽ പെട്ടാൽ രാസകീടനാശിനിയായ ക്ലോറാൻട്രിനിപ്പോൾ (കൊറാജൻ) 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിച്ച് കൊടുക്കാം. കുരുമുളക് തോട്ടത്തിലെ തണൽ ക്രമീകരിക്കുന്നത് കീടരോഗാക്രമണം ഒരു പരിധി വരെ കുറയ്ക്കാൻ സഹായിക്കും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം